2013 ഒക്ടോബറിൽ എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ പ്രസ്തുത പ്രൊപ്പോസൽ ചർച്ച ചെയ്യുകയുണ്ടായി. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രൊപ്പോസൽ അന്തിമരൂപത്തിൽ എത്തിക്കുന്നതും ചെയ്യുന്നതും ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും എക്സ്റ്റൻഷൻ സ്റ്റേറ്റ്മെന്റും കേന്ദ്രസർക്കാർ അംഗീകരിച്ചതിനു ശേഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതുമാണ്.

(ഇ) നടപ്പാക്കാൻ പോകുന്ന പദ്ധതികൾ തീരുമാനിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല.

കടൽ-കായൽ ജലശുദ്ധീകരണശാലകൾ

147 (3581) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ജലഅതോറിറ്റി കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

(ബി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജല ക്ഷാമം രൂക്ഷമായ തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും ജലത്തിൽ അടങ്ങിയിരിക്കുന്ന ലവണാംശങ്ങൾ മാറ്റി ശുദ്ധജലം നൽകുന്നതിനുവേണ്ടിയാണ് ഇത്തരം ശുദ്ധീകരണശാലകൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സഹായം ഒന്നുംതന്നെ ഇപ്പോൾ ലഭിക്കുന്നില്ല.

(ഡി) ഇതിനായി മണിക്കൂറിൽ 2000 മുതൽ 10000 ലിറ്റർ വരെ കുടിവെള്ളം ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലവണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമായി നൽകുകയാണ് ലക്ഷ്യം.

ചെക്ക് ഡാമുകളുടെ നിർമ്മാണം

148 (3582) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ചെക്ക് ഡാമുകൾ പണിയുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; ഇതിന്റെ ചെലവ് എത്ര ; ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ പണി പൂർത്തീകരിച്ച ചെക്ക് ഡാമുകൾ ഏതൊക്കെ ;

(സി) ഇപ്പോൾ പണി നടക്കുന്ന ചെക്ക് ഡാമുകൾ ഏതൊക്കെയെന്നും പേരു സഹിതം വിവരിക്കുമോ ;

(ഡി) ചെക്ക് ഡാമുകളുടെ പണിയ്ക്കായി 2011 മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ഓരോ കൊല്ലവും എത്രവീതമെന്ന് വിവരിക്കുമോ ;

(ഇ) ഏറ്റവും കൂടുതൽ ചെക്ക് ഡാം ഉള്ള ജില്ല ഏതാണ് ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ജലസേചന വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

149 (3583) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ നിന്നും അതത് ജില്ലകൾക്ക് ലഭിക്കാനുള്ള ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര വേക്കൻസികൾ ഇനിയും പി.എസ്.സി.-ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly